LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ മുൻകാലങ്ങളിൽ അനുവദിച്ചതു പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ നഗരസഭയ്ക്കും ഒരു കോടി രൂപ വീതം 2015-16 സാമ്പത്തിക വർഷത്തിൽത്തന്നെ അനുവദിക്കണമെന്ന നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചു വരുന്നു.

(സി) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായിവരും. അധിക ജീവനക്കാരെ നിയമിച്ചിട്ടില്ല. ആവശ്യമായ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശിപാർശകൾ പരിശോധിച്ചു വരുന്നു.

(ഡി) ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ 1-11-2015 മുതലുള്ള പ്രവർത്തനം സംബന്ധിച്ച് അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിർത്തിക്കൊണ്ട് 31-10-2015 ലെ സ.ഉ. (കൈ) നമ്പർ 333/15/തസ്വഭവ. പ്രകാരവും (ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV* ആയി ചേർത്തിരിക്കുന്നു.) 17-11-2015-ലെ സ.ഉ.(സാധാ)നമ്പർ 3371/15/ തസ്വഭവ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം ആയി ചേർത്തിരിക്കുന്നു.) കൂടാതെ നഗരകാര്യ ഡയറക്ടർ 29-10-2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ അത്യാവശ്യ ക്രമീകരണങ്ങൾ നടത്തുന്നത് സംബന്ധിച്ച് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീ സി.ഡി.എസുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

10 (*279) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി.ഡി.എസുകൾക്ക് നൽകിവരുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്നും ആയതിലേയ്ക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീയെ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) കുടുംബശ്രീ സി.ഡി.എസുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ ഉള്ള കുടിശ്ശിക സംബന്ധിച്ച കണക്ക് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

റബ്ബർ വിലസ്ഥിരതാ പദ്ധതി

11 (*280) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. സാജു പോൾ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് പിടിച്ചു നിർത്താൻ ആവിഷ്കരിച്ച വിലസ്ഥിരതാ പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനിടയിലും റബ്ബർ വില കഴിഞ്ഞ ആറുവർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലേക്കെത്തിയ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പ് കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) റബ്ബറിന്റെ വിലയിടിവ് പിടിച്ച് നിർത്തുവാൻ 3-7-2015-ലെ സ.ഉ(പി) നമ്പർ 269/2015/ധന പ്രകാരം ആവിഷ്കരിച്ച റബ്ബർ പ്രൊഡക്ഷൻ "ഇൻസെന്റീവ് സ്കീം" പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പുരോഗമിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly